# നീര പ്രഖ്യാപനവും തട്ടിപ്പാകരുത്

കേരം തിങ്ങിയിരുന്ന കേരളനാട്ടിൽനിന്നു തെങ്ങുകൃഷി അകന്നുപോകുകയാണ്. കാറ്റുവീഴ്ച മുതൽ പലവിധ രോഗബാധകൾ, തെങ്ങുകയറി തേങ്ങ ഇടാൻ ആളില്ലായ്മ, തേങ്ങയ്ക്കും കേരോത്പന്നങ്ങൾക്കും വിലയില്ലായ്മ തുടങ്ങിയ പ്രശ്നങ്ങളാണു കർഷകരെ തെങ്ങിൽനിന്ന് അകറ്റുന്നത്.

റബറിന്റെ കാര്യത്തിൽ എന്നതുപോലെ നാളികേരത്തിന്റെ കാര്യത്തിലും ധാരാളം മുതലക്കണ്ണീർ ഒഴുകി; വലിയ തലക്കെട്ടുകൾ നേടിയ പ്രഖ്യാപനങ്ങൾ ഉണ്ടായി. പക്ഷേ, തെങ്ങോ തേങ്ങയോ കർഷകരോ രക്ഷപ്പെട്ടില്ല.

അടുത്തകാലത്തു നാളികേരത്തിനു വില അല്പം മെച്ചപ്പെട്ടതുപോലും ഈ പ്രഖ്യാപനക്കാരുടെയോ കണ്ണീരൊഴുക്കുകാരുടെയോ ശ്രമഫലമല്ല; രാജ്യത്ത് ഉത്പാദനം കുറഞ്ഞതിന്റെ മാത്രം ഫലമാണ്. രണ്ടുദശകമായി തറനിലവാരത്തിലും താഴെയായിരുന്ന വില ഉയർത്താൻ അവരാരും ചെറുവിരൽപോലും അനക്കിയില്ല.

നാളികേര കർഷകരെ സഹായിക്കുകയും അവർക്കു സ്ഥിരമായി നല്ല വരുമാനം ഉണ്ടാക്കുകയും ഒപ്പം ധാരാളം പേർക്കു തൊഴിൽ അവസരം സൃഷ്ടിക്കുകയും ചെയ്യുന്ന ഒരു പദ്ധതിയായി വിഭാവന ചെയ്തതാണു നീര ഉത്പാദനം. കേന്ദ്രസർക്കാർ സ്ഥാപനമായ നാളികേര വികസന ബോർഡിന്റെ ചെയർമാനായി സ്ഥാനമേറ്റ നാൾ മുതൽ ടി.കെ. ജോസ് ഐഎഎസ് ഇതിനായി പരിശ്രമിക്കുന്നതാണ്. തെങ്ങിൽനിന്നു നീര എന്ന ലഘുപാനീയവും അതിൽനിന്നു കുറേ മൂല്യവർധിത ഉത്പന്നങ്ങളും ഉണ്ടാക്കി വിപണനം നടത്തുന്നതാണു പദ്ധതി. ഇതിനായി ബോർഡിന്റെ ആഭിമുഖ്യത്തിൽ ഉത്പാദകസംഘങ്ങൾക്കു രൂപംനൽകി. നീര ചെത്താൻ നീര ടെക്നീഷന്മാരെ പരിശീലിപ്പിച്ചു. ഇങ്ങനെയൊരു പദ്ധതിയെപ്പറ്റി സംസ്ഥാന സർക്കാരിനെ ബോധ്യപ്പെടുത്തി പണം അനുവദിക്കാൻ കളമൊരുക്കുകയും ചെയ്തു.

അപ്പോഴാണ് ഇതിലെ സാധ്യതകൾ കണ്ടു പലരും രംഗത്തു വന്നത്. ചെത്തുന്ന കാര്യമായതുകൊണ്ട് എക്സൈസ് വകുപ്പിനു വേണം നിയന്ത്രണം എന്ന് ഒരുകൂട്ടർ. തെങ്ങിനു നമ്പരിട്ട്, ഉത്പന്നം പരിശോധിച്ച്, ഉത്പന്ന സംസ്കരണ ശാലകൾ നിയന്ത്രിച്ച്, എക്സൈസ് വകുപ്പിനു നീര വ്യവസായത്തെ വരുതിയിലാക്കണം. കൃഷിവകുപ്പും വെറുതേ ഇരുന്നില്ല. നാളികേര വികസന കോർപറേഷൻ എന്ന, 26 വർഷം മുമ്പു വീണുപോയ വെള്ളാനയെ പൊക്കിയെടുത്ത് അവരും നീരവിപ്ലവത്തിനു വന്നു. ദശാബ്ദങ്ങളായി നാളികേരത്തിനോ നീരയ്ക്കോവേണ്ടി ഒന്നും ചെയ്യാതെ സർക്കാരിന്റെ - നാളികേര കർഷകരടക്കമുള്ള നികുതിദായകരുടെ - പണം നശിപ്പിച്ചതായിരുന്നു ആ കോർപറേഷൻ.

ഇങ്ങനെ പല താത്പര്യക്കാർ വരുകയും മന്ത്രിസഭയിൽ യോജിപ്പില്ലാതാവുകയും ചെയ്തപ്പോൾ വർഷം കടന്നുപോയി. നീരയ്ക്കായി നീക്കിവച്ച തുക ആർക്കും കിട്ടാതെ ലാപ്സായി. ഇപ്പോൾ മന്ത്രിമാരും വകുപ്പുകളും തമ്മിൽ ധാരണ ഉണ്ടാക്കിയിരിക്കുന്നു. അതിന്റെ ഭാഗമായി കൃഷിവകുപ്പിനു കീഴിൽ കേര-നീര ബോർഡും എക്സൈസ് വകുപ്പിനു കീഴിൽ ടോഡി ബോർഡും ഉണ്ടാക്കും. ഇനി പ്രശ്നങ്ങളില്ലാതെ എല്ലാം മംഗളകരമായി മുന്നോട്ടു നീങ്ങുമെന്നാണു മന്ത്രിമാർ പറഞ്ഞത്.

എന്നാൽ, കൃഷിക്കാരും കൃഷിക്കാരെ സ്നേഹിക്കുന്നവരും ആഗ്രഹിക്കുന്നതുപോലെയല്ല കാര്യങ്ങൾ എത്തിനിൽക്കുന്നത്. നീര ഉത്പാദകസംഘങ്ങളിൽ അംഗീകാരം ലഭിക്കാതിരുന്ന 192 എണ്ണത്തിനു കൂടി അംഗീകാരം ലഭിക്കുന്നുവെന്നതാണു പുതിയ തീരുമാനത്തിലെ നല്ലകാര്യം. നേരത്തേ 173 എണ്ണത്തിന് അംഗീകാരം നൽകിയിരുന്നു. എന്നാൽ, നീര പദ്ധതിയെ ഒരു സർക്കാർ വകുപ്പിനു കീഴിലാക്കാതെ ഉത്പാദകസംഘങ്ങളുടെ കൂട്ടായ്മകൾക്ക് ഏൽപ്പിച്ചുകൊടുത്തിരുന്നെങ്കിൽ കൂടുതൽ ഫലപ്രദമാകുമായിരുന്നു. ഇത്രകാലവും നീരപോലുള്ള കാര്യങ്ങൾ പഠിക്കുകയോ ഇവിടെ നടപ്പാക്കാൻ ശ്രമിക്കുകയോ ചെയ്യാത്ത കൃഷിവകുപ്പിനെ ഇത് ഏൽപ്പിക്കുമ്പോൾ അതിന്റെ മുന്നോട്ടുള്ള പോക്കിനെപ്പറ്റി ആർക്കെങ്കിലും സംശയം ഉണ്ടാകുന്നതിൽ ആശ്ചര്യമില്ല. ബജറ്റിൽപോലും നീരയുടെ കാര്യം കൃഷിവകുപ്പിന്റെ പ്രവർത്തനങ്ങളുടെ കൂടെ എടുത്തുപറഞ്ഞിരുന്നുമില്ല. അങ്ങനെയൊരു വകുപ്പിലൂടെയാണ് അനേക കോടികൾ വരുന്ന നീരവികസന പരിപാടി നടപ്പാക്കുന്നത്.

കുറേ വർഷങ്ങളായി ബജറ്റിൽ നാളികേരവുമായി ബന്ധപ്പെടുത്തി തുകകൾ നീക്കിവയ്ക്കാറും പദ്ധതികൾ പ്രഖ്യാപിക്കാറുമുണ്ട്. പക്ഷേ, തുക ലാപ്സാകുകയും പദ്ധതി വിസ്മരിക്കപ്പെടുകയുമാണു പതിവായി നടന്നിരുന്നത്. നീരയുടെ കാര്യത്തിലെങ്കിലും ആ ഗതി വരാതെ നേതാക്കൾ, ഉത്തരവാദപ്പെട്ടവർ ശ്രദ്ധിക്കണം. കർഷകരോടാകുമ്പോൾ എന്തുചെയ്താലും കുഴപ്പമില്ലെന്നതാണല്ലോ സർക്കാരുകളുടെയും രാഷ്ട്രീയക്കാരുടെയും കാഴ്ചപ്പാട്. തീരാദുരിതത്തിലായ റബർ കർഷകരുടെ കാര്യത്തിൽ അതു കണ്ടുകൊണ്ടിരിക്കുകയാണ്. രണ്ടുവർഷത്തിനിടെ നിരവധി പരിപാടികളും സംഭരണവുമൊക്കെ പ്രഖ്യാപിച്ചു. പക്ഷേ, വില താഴോട്ടുമാത്രം നീങ്ങി. സംഭരണമൊന്നും നടന്നതുമില്ല. ഇപ്പോഴും ചില പ്രഖ്യാപനങ്ങൾ നിലവിലുണ്ട്. അതു നടപ്പാക്കാൻ വഴികണ്ടെത്തിയില്ലെന്നാണ് ഇപ്പോഴും ഉത്തരവാദപ്പെട്ടവർ പറയുന്നത്. നീരയുടെ കാര്യത്തിലും ഭരണകൂടവും മന്ത്രിമാരും വകുപ്പുകളുമൊക്കെ ഏറെ സമയം വ്യഥാ കളഞ്ഞു. കഴിഞ്ഞ വർഷത്തെ 15 കോടി ലാപ്സാവുകയും ചെയ്തു. ഇനി ഇക്കൊല്ലത്തെ തുകയെങ്കിലും ലാപ്സാക്കാതെ നാളികേര കർഷകരുടെ അവസാന പ്രതീക്ഷയായ നീര പദ്ധതിക്കു ജീവൻ നൽകണം. അതുവഴി കർഷകരോടു യഥാർഥ സ്നേഹമുണ്ടെന്നു കാണിക്കാനുള്ള അവസാന അവസരം ഉപയോഗപ്പെടുത്തണം.